പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4367

28/06/2012-ൽ മറുപടി
നല്കേണ്ടത്

അത്തിക്കയം മടന്തമൺ തെക്കേത്തൊട്ടിയിലെ
കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റാന്നി താലൂക്കിലെ അത്തിക്കയം മടന്തമൺ തെക്കേത്തൊട്ടിയിൽ എത്ര കുടുംബ ങ്ങൾക്കാണ് അവരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) റാന്നി താലൂക്കിൽ അത്തിക്കയം മടന്തമൺ തെക്കേത്തൊട്ടിയിൽ 117 കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത്. |
| (ബി) പ്രസ്തുത സ്ഥലത്ത് ജോയിന്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട് |
| (സി) പട്ടയം നൽകുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് ഇവിടെ നിലവിലുള്ളതെന്നും ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ ; | (സി) സംയുക്ത പരിശോധാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കൈവശസ്ഥലവും ലിസ്റ്റിൽ രേഖപ്പെടുത്തിയ സ്ഥലവും ഒന്നുതന്നെയാണോയെന്ന് പരിശോധിച്ച് സ്ഥലം അളന്നുതിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. |
| (ഡി) ഇവിടെ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കൈവശസ്ഥലവും ലിസ്റ്റിൽ രേഖപ്പെടുത്തിയ സ്ഥലവും ഒന്നുതന്നെയാണോയെന്ന് പരിശോധിച്ച് സ്ഥലം അളന്നുതിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുകയും, കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ശേഷവും മാത്രമേ പട്ടയങ്ങൾ നല്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ